# SYRO MALANKARA CATHOLIC CHURCH
## ARCHDIOCESE OF TIRUVALLA

**Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

Archbishop's House, Marygiri,
P. B. No. 4, Tiruvalla -689101.

**Circular No. 01/ 2022** 12. 01. 2022.

ബഹു. ജനറാളച്ചന്മാരെ, കോർഎപ്പിസ്ക്കോപ്പാമാരെ, റമ്പാച്ചാ, വൈദിക സഹോദരങ്ങളെ, സന്യസ്തരെ, പ്രിയ അല്മായ സഹോദരങ്ങളെ!

പുതുവത്സരാശംസകളും പ്രാർത്ഥനയും ഹൃദയപൂർവ്വം നേരുന്നു. കോവിഡിന്റെ ഭീതി വീണ്ടും സമൂഹത്തെ അലട്ടുന്നു. സൂക്ഷിക്കുകയും വേണ്ടതായ മുൻകരുതലുകൾ എടുക്കുകയും ചെയ്യണം. ഇപ്പോൾ Preventive shot എന്ന രീതിയിൽ മൂന്നാമത്തെ വാക്സിനേഷനും തുടങ്ങി. കഴിയുന്നതും ഇപ്രകാരമുള്ള സുരക്ഷാക്രമീകരണങ്ങളിൽ അനുഭാവപൂർവ്വം സഹകരിക്കുക.

**1.** നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരുടെ ഓർമ്മ വരുന്നു. 16-ാം തീയതി അഭി. ദിവന്നാസിയോസ് പിതാവിന്റെയും, 18-ാം തീയതി അതിരൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്ത ആയിരുന്ന വാളക്കുഴി ജോസഫ് മാർ സേവേറിയോസ് പിതാവിന്റെയും മലങ്കര കത്തോലിക്ക സഭയുടെ പ്രഥമ മേജർ ആർച്ചു ബിഷപ്പും കാതോലിക്കയുമായിരുന്ന സിറിൽ ബസേലിയോസ് ബാവാതിരുമേനിയുടെയും ഓർമ്മ ഒരുമിച്ചാണ് നാം ആചരിക്കുന്നത്. 17-ാം തീയതി വൈകിട്ട് 6 മണിക്കു സന്ധ്യാപ്രാർത്ഥനയും 18-ാം തീയതി രാവിലെ 6.30 ന് പ്രഭാത നമസ്ക്കാരവും വി. കുർബാനയും നേർച്ചവിളമ്പും ഉണ്ടായിരിക്കുന്നതാണ്. കോവിഡ് മാനദണ്ഡം പാലിച്ച് സാധിക്കുന്നവർ കുർബാനയിൽ സംബന്ധിക്കുവാൻ താത്പര്യപ്പെടുന്നു. നമ്മുടെ പിതാക്കന്മാരോടുള്ള ബന്ധമാണ് നമ്മെ സഭയോടു ചേർത്തു നിർത്തുന്ന മുഖ്യമായ ഘടകം. ഈ ഓർമ്മ അനുഗ്രഹമായി തീരട്ടെ.

**2.** അതിരൂപതയുടെ നവതി മുതൽ ശതാബ്ദിവരെയുള്ള കാലയളവിൽ വൃക്കരോഗികൾക്കുള്ള സൗജന്യമോ, സൗജന്യനിരക്കിലുള്ളതോ ആയ ഡയാലിസിസ് പദ്ധതിയിൽ നമ്മുടെ മക്കൾ താത്പര്യപൂർവ്വം പങ്കുചേരുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ഒരു മെഷീന്റെയും സഹായമില്ലാതെ നമ്മുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയുന്നു എന്നത് ദൈവം നമുക്കു തന്ന അനുഗ്രഹമാണ്. ഈ അനുഗ്രഹം ഓർത്തുകൊണ്ട് നമ്മുടെ അതിരൂപതയിലെ എല്ലാ കുടുംബങ്ങളും ആണ്ടിൽ ഒരു ഡയാലിസിസിനെങ്കിലുമുള്ള തുക മിച്ചം വയ്ക്കുകയും അതു വികാരി വഴിയോ നേരിട്ടോ നൽകി സഹകരിക്കുകയും ചെയ്യണം. ഈ പദ്ധതി നമുക്ക് ശാശ്വതമായ അനുഗ്രഹത്തിനു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പ്രിയ രോഗികളെയും അവരുടെ കുടുംബാംഗങ്ങളെയും നമുക്കു പ്രാർത്ഥനയിൽ സ്മരിക്കാം.

**3.** സഭൈക്യപ്രാർത്ഥനാവാരം ഈ 18 മുതൽ 25 വരെയുള്ള തീയതികളിൽ ആഗോള ക്രൈസ്തവ സഭകൾ ആചരിക്കുന്നു. സാധിക്കുന്നിടങ്ങളിലെല്ലാം ഒരു ദിവസമെങ്കിലും സമീപത്തുള്ള ക്രൈസ്തവ സഹോദരങ്ങളും വൈദികരുമായി ഒരുമിച്ച് പ്രാർത്ഥന നടത്തണം. ആത്മീക എക്യുമെനിസമാണ് പ്രധാനപ്പെട്ടത്. പ്രാർത്ഥനകൊണ്ടും പരിത്യാഗംകൊണ്ടും നമുക്കു കർത്താവിന്റെ പ്രാർത്ഥന അന്വർത്ഥമാക്കുവാൻ ശ്രമിക്കാം. ദൈവം എല്ലാ അനുഗ്രഹങ്ങളും ക്രൈസ്തവമക്കളുടെ മേൽ ചൊരിയട്ടെ. ഏറെ വെല്ലുവിളികളിലൂടെയും പീഢനങ്ങളിലൂടെയും കടന്നുപോകുന്ന സഭയെ പ്രാർത്ഥനകൊണ്ട് ശക്തിപ്പെടുത്തുവാൻ കർത്താവ് നമ്മെ എല്ലാവരേയും ക്ഷണിക്കുന്നു.

**4.** സാധാരണ ഗതിയിൽ ട്രാൻസ്ഫർ മെയ് മാസത്തിലാണല്ലോ ക്രമീകരിക്കുന്നത്. എങ്കിലും ചില ട്രാൻസ്ഫറുകളും നിയമനങ്ങളും അത്യാവശ്യമായി വന്നിരിക്കുന്നു. അച്ചന്മാരുടെ പൂർണ്ണമായ സഹകരണവും സമർപ്പണവും ആണ് നമ്മുടെ മുമ്പോട്ടുള്ള പ്രയാണത്തിനുള്ള ശക്തി.

1. V. Rev. Dr. Isaac Parappallil
   Chief Vicar General

2. Rev. Fr. Mathew Punakulam
   Vicar St. John's Cathedral
   Manager Aikyadeepam

3. Rev. Fr. Varghese Chamakalayil
   Vicar, St. Mary's Thirumoolapuram
   Chief Editor Aikyadeepam

4. Rev. Fr. John Karappanasserimalayil
   Vicar St. Thomas SEERI &St. Alphonsa, Gandhi Nagar

5. Rev. Fr. Koshy Mannil
   Additional Charge: St. Mary's Puramattom

6. Rev. Fr. Philip Payyampallil
   Vicar Little Flower Maramon

7. Rev. Fr. Mathew Ettickal
   Vicar St. George Valakode & St. George Kappipathal

8. Rev. Fr. Eldho Mozhasseril
   Special Assignent for Naac Accreditation project Sahyajyothi college

9. Rev. Fr. Thomas Payyampallil
   Additional Charge Annyartholu

10. Rev. Fr. Alex Peedikayil. Asst. to Rev. Fr. Thomas Payyampallil
    Stay Vandanmedu, Coordinator German Academy Kattappana Zone

എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുന്നു. പരസ്പരം പ്രാർത്ഥനയിൽ ഓർക്കാം. നവതിയുമായി ബന്ധപ്പെട്ട പ്രാർത്ഥനാശുശ്രൂഷകളിൽ എല്ലാവരും ശുഷ്കാന്തിയോടെ തുടർന്നും പങ്കുചേരണം.

✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ്
തിരുവല്ല അതിഭദ്രാസനം.

12. 01. 22
തിരുവല്ല.